LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം രാജ്യാന്തര ഇറമുഖ പദ്ധതി

136 (2005) ശ്രീ. എം. എ. ബേബി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം രാജ്യാന്തര ഇറമുഖ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും സംരംഭക മൂലധനം (വി.ജി.എഫ്.) ഉറപ്പായിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധമായി മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന സഹായം എന്തായിരുന്നു ; അക്കാര്യത്തിൽ കേന്ദ്ര നിലപാട് എന്തായിരുന്നു ;

(സി) പ്രസ്തുത പദ്ധതിക്ക് സംരംഭക മൂലധനമായി ഉറപ്പായ കേന്ദ്രസഹായം എത്ര കോടിയാണ് ;

(ഡി) ഇതിന്റെ പശ്ചാത്തലത്തിൽ കമ്പനി വിളിച്ച ടെണ്ടറിൽ മാറ്റം വരുത്താനുദ്ദേശമുണ്ടോ ;

(ഇ) കേന്ദ്രസഹായ മാനദണ്ഡങ്ങൾ സംബന്ധിച്ച കേന്ദ്ര ധനവകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട നിലപാട് എന്തായിരുന്നും ; യോഗതീരുമാനം സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാക്കുന്നതിനുള്ള ധനകാര്യ മന്ത്രാലയത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിനു വേണ്ടിയുള്ള Empowered Committee-യുടെ തത്വത്തിലുള്ള അംഗീകാരം വിഴിഞ്ഞം രാജ്യാന്തര ഇറമുഖ പദ്ധതിക്ക് ലഭ്യമായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള 'Guidelines for Financial Support to Public Private Partnership Infrastructure (Viability Gap Funding)' ആണ് പ്രസ്തുത ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം.

(ബി&സി) മൊത്തം പദ്ധതി ചെലവായ 6707 കോടി രൂപയിൽ ഇപ്പോൾ കണക്കാക്കിയിട്ടുള്ള Public Private Partnership വിഹിതമായ 4044 കോടി രൂപയുടെ 40 ശതമാനമായ 1618 കോടിയോളം രൂപയാണ് മാനദണ്ഡമനുസരിച്ച് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിന് അർഹതയുള്ളത്. പ്രസ്തുത ചെലവുടെ ആദ്യത്തെ

20 ശതമാനംവരെ (809 കോടി രൂപ) വിഴിഞ്ഞം പദ്ധതിക്ക് കേന്ദ്ര സഹായമായി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡം പ്രകാരം ലഭ്യമാക്കുക. ഈ തുക ലഭ്യമാക്കുന്നതിനുള്ള ധനകാര്യ മന്ത്രാലയത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിനു വേണ്ടിയുള്ള Empowered Committee-യുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡമനുസരിച്ച് അന്തിമ അനുമതി ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷമാണ് ലഭ്യമാകുക. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ടെണ്ടർ നടപടിക്രമം അനുസരിച്ച് ഏറ്റവും കുറവ് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (ഗ്രാന്റ്) തുക ആവശ്യപ്പെടുന്നതോ, അതല്ലെങ്കിൽ ഏറ്റവും കൂടുതൽ പ്രീമിയം തുക സർക്കാരിന് നൽകുകയോ ചെയ്യുന്ന ബിഡ്ഡറിനെ ആണ് കൺസഷണറായി തിരഞ്ഞെടുക്കുക. ആയതിനാൽ യഥാർത്ഥ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് തുക ടെണ്ടർ ഉറപ്പിച്ചതിനു ശേഷമേ അറിയുവാൻ സാധിക്കുകയുള്ളൂ.

(ഡി) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡങ്ങൾ അനുസരിച്ചും കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ മോഡൽ കൺസഷൻ എഗ്രിമെന്റും അനുസരിച്ചുമാണ് കമ്പനി ഇപ്പോൾ ടെണ്ടർ വിളിച്ചിട്ടുള്ളത്. ഇതിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡങ്ങളിലും ടെണ്ടർ നടപടി ക്രമങ്ങളിലും മാറ്റം വരുന്നില്ല. ടെണ്ടർ രേഖകളുടെ ഭാഗമായി പ്രീ-ക്വാളിഫൈഡ് ആയിട്ടുള്ളതും റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ വാങ്ങിയിട്ടുള്ളതുമായ ബിഡ്ഡർമാർക്ക് നൽകിയിട്ടുള്ള ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിൽ കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച Empowered Committee-യുടെ നിർദ്ദേശപ്രകാരം മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ഇത് നിലവിലെ ടെണ്ടർ വ്യവസ്ഥകൾ പ്രകാരമാണ്.

(ഇ) കേന്ദ്ര ആസൂത്രണ കമ്മീഷൻ തയ്യാറാക്കിയിട്ടുള്ളതും അതനുസരിച്ച് സംസ്ഥാന സർക്കാർ അംഗീകരിച്ചതുമായ മോഡൽ കൺസഷൻ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അനുമതി ലഭ്യമാക്കണമെന്നാണ് കേന്ദ്ര ധനവകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട നിലപാട്. ഇതേത്തുടർന്ന് 2014 ഒക്ടോബർ 29-ാം തീയതി കൂടിയ കേന്ദ്രധനമന്ത്രാലയത്തിന്റെ Empowered Committee വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിന് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിക്ക് കൂടുതൽ അനുകൂലമാകുന്ന തരത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിലെ വ്യവസ്ഥകൾ മാറ്റുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് 2014 നവംബർ 24-ന് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുവേണ്ടി കേന്ദ്ര സർക്കാർ ഉന്നതതല യോഗം 2014 ഡിസംബർ 8-ന് ഡൽഹിയിൽ വിളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly